അടിയന്തിരാവസ്ഥയും മദ്യനിരോധന നിയമവും

* 985. [29] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയന്തിരാവസ്ഥയെ തുടർന്ന് ഈ സ്റ്റേറ്റിൽ മദ്യനിരോധന പ്രവർത്തനങ്ങളിൽ വല്ല അയവും വരുത്തിയിട്ടുണ്ടോ ;

(ബി) ജില്ലാ പ്രൊഹിബിഷൻ ഉദ്യോഗസ്ഥന്മാരുടെ തസ്തിക വേണ്ടെന്നുവച്ച തീരുമാനം സ്ഥിരമായി നടപ്പിൽവരുത്തുകയാണോ ;

(സി) സക്കാരിനു കോടിക്കണക്കിനു ശുപാ വരുമാനമുണ്ടാക്കാൻ കഴിയുന്ന ഒരു നയം പുനരാലോചിക്കുവാൻ നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി) വേണ്ടെന്നുവച്ചതു പ്രൊഹിബിഷൻ പ്രൊപ്പഗൻഡാ ഉദ്യോഗസ്ഥന്മാരുടെ തസ്തികകളാണു. ആ തീരുമാനം പുനഃപരിശോധനചെയ്യാൻ തൽക്കാലം ഉദ്ദേശമില്ല.

(സി) കേന്ദ്രഗവണ്മെന്റു നിയമിച്ചിട്ടുള്ള പഠന സംഘത്തിന്റെ റിപ്പോർട്ടു കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിക്കുന്നതാണു.

പെൻഷൻ അനുവദിച്ചുകിട്ടാത്ത ഡ്രൈവറന്മാർ

* 986. (37) ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റു ട്രാൻസ്പോർട്ട വകുപ്പിൽനിന്നും റിട്ടയർ ചെയ്തു ഒരു വർഷം കഴിഞ്ഞിട്ടും പെൻഷൻ അനുവദിക്കാത്ത എത്രഡ്രൈവർമാരുണ്ടു;

(ബി) ആലപ്പുഴ ഡിസ്ട്രിക്റ്റിൽ ജോലിചെയ്തുകൊണ്ടിരുന്ന ശ്രീ എൻ. കോലപ്പാപിള്ള എന്ന ഡ്രൈവർ എന്നാണു റിട്ടയർ ചെയ്തതു ;

(സി) അദ്ദേഹത്തിനു ഇതിനകം പെൻഷൻ അനുവദിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കാരണമെന്തു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 7 (ഏഴു) ഡ്രൈവർമാർ.

(ബി) 1-8-62-ൽ ആണു റിട്ടയർ ചെയ്തതു.

(സി) ഇല്ല. ശ്രീ. കോലപ്പാപിള്ള പെൻഷൻ ബാധകമല്ലാത്ത ജീവനക്കാരുടെ വിഭാഗത്തിൽനിന്നു പെൻഷൻ ബാധകമായിട്ടുള്ള വിഭാഗത്തിലേക്കു മാറ്റം ആവശ്യപ്പെട്ട ആളാണു. ഈ മാറ്റം അക്കൗണ്ടന്റു ജനറൽ അംഗീകരിക്കുവാൻ കുറച്ചു കാലതാമസം നേരിട്ടതുകൊണ്ടാണു പെൻഷൻ ഇതുവരെ അനുവദിക്കാതിരുന്നതു. ഉടനെ അനുവദിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly